## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5933** **09-07-2024 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. നികുതി വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ അനുശാസിക്കും പ്രകാരം പതിനാല് ശതമാനം വാർഷിക വർദ്ധനവ് അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.<br><br>ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് Covid മഹാമാരിയും അതിനെ തുടർന്നുണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.<br><br>ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസകാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷൻ ആയി 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നേട്ടം കൈവരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് Covid മഹാമാരിയും അതിനെ തുടർന്നുണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |
| (സി) | പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിലേക്കായി നികുതി പിരിവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ | (സി) | നികുതി ചോർച്ച തടയുന്നതിനും നികുതി വകുപ്പ് കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ വകുപ്പ് |

സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് 2023-ൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

വകുപ്പിനെ നികുതിദായക സേവനങ്ങൾ, ഓഡിറ്റ്, ഇന്റലിജൻസ് എന്നിങ്ങനെ 3 കേന്ദ്രീകൃത വെർട്ടിക്കലുകളായി തിരിച്ചിരിക്കുന്നു.

ഇന്റലിജൻസ് സംഘത്തിന്റെ എണ്ണം 18ൽ നിന്ന് 41 ആയി ഉയർന്നു.

140 ഡെഡിക്കേറ്റഡ് ഓഡിറ്റ് ടീമുകൾ സംസ്ഥാന വരുമാനത്തിന്റെ 90 ശതമാനത്തിലധികം ഓഡിറ്റ് ചെയ്യുന്നു (ഏകദേശം 12,000 നികുതിദായകർ). ഓഡിറ്റിനുള്ള വിദഗ്ധ പരിശീലനം പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നികുതി വെട്ടിപ്പ് തടയുന്നതിലേക്കായി നികുതിദായകരുടെ കണക്കുകൾ ആഴത്തിൽ പരിശോധിക്കുന്നു. ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം നികുതി പിരിവിനെ ഊർജ്ജിതപ്പെടുത്തുന്നതിന് സഹായിക്കുന്നുണ്ട്.

ടാക്സ് പെയർ സർവീസ് ടീമുകൾ സ്ക്രൂട്ടിനി, ഐ.ജി.എസ്.ടി. റിവേഴ്സലുകൾ, നികുതിദായകരുടെ പരിശീലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ എല്ലാ ജില്ലയിലും ഇതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം (ആർ.ആർ) രൂപീകരിച്ച് വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസും ടാക്സ് പെയേഴ്സ് വിങ്ങും നിരീക്ഷിച്ചുവരുന്നു. ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മെയ്-ൽ IGST ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽ നിന്നു സംസ്ഥാനത്തിന് ലഭ്യമാകേണ്ട IGST വിഹിതത്തിന്റെ വരവും നിരീക്ഷിച്ചുവരുന്നു. കേരളം ആവശ്യപ്പെട്ടതനുസരിച്ച് പ്ലേസ് ഓഫ് സപ്ലൈ യുടെ അടിസ്ഥാനത്തിൽ IGST കൃത്യമായി കൈമാറുന്നില്ല എന്നത് പരിശോധിക്കണമെന്ന് സംസ്ഥാനം GST കൗൺസിൽ മുൻപാകെ ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 2023- 24 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ് വിഭാഗം വിവിധ മേഖലകളിലായി നടത്തിയ 960-ഓളം പരിശോധനകളിൽ നിന്നും 1775.28 കോടി രൂപയുടെ ജി.എസ്.ടി. നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെയും ഡാറ്റാ വിശകലനത്തിന്റെയും പിൻബലത്തിൽ വൻ നികുതി വെട്ടിപ്പ് നടത്തുന്ന ഒട്ടേറെ സംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. അടയ്ക്ക, ആക്രി, പ്ലൈവുഡ് മേഖലകളിൽ വ്യാജ രജിസ്ട്രേഷൻ എടുത്ത് കോടികളുടെ വ്യാജ ഇൻപുട്ട് കൈമാറ്റം ചെയ്യുന്ന വെട്ടിപ്പുകാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. വ്യാജ ബില്ലിനെതിരെയും ബില്ല് നൽകാതിരിക്കുന്നതിനെതിരെയും ശക്തമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നികുതിവെട്ടിപ്പ് നടത്തിയ 10 പേരെ ഇതുവരെ നികുതി വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>ഇത് കൂടാതെ ജി.എസ്.ടി. നിയമത്തിൽ ഇ-ഇൻവോയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് കോടി രൂപ വരെ വാർഷിക വിറ്റുവരവ് ഉള്ള നികുതിദായകർക്ക് ഇ-ഇൻവോയ്സ് സംവിധാനം നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക്**

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ജി.എസ്.ടി. (Provisional) | വ്യതിയാനം |
|---|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 12200.08 | |
| 2018-19 | 21119.21 | 8919.13 |
| 2019-20 | 20072.92 | -1046.29 |
| 2020-21 | 19276.53 | -796.39 |
| 2021-22 | 23985.29 | 4708.76 |
| 2022-23 | 29195.30 | 5210.01 |
| 2023-24 | 30944.48 | 1749.18 |
| 2024-25 (ജൂൺ വരെ) | 8189.87 | |

**സെക്ഷൻ ഓഫീസർ**